**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4771**

26.06.2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ യോഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി ) | |
| (എ) | തൃശ്ശൂർ കോർപ്പറേഷനിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കൗൺസിൽ യോഗങ്ങളാണ് ചേർന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | 37 - കൗൺസിൽ യോഗങ്ങൾ |
| (ബി) | ഇതിൽ ബഹളം കാരണം എത്ര യോഗങ്ങൾ മേയർ പിരിച്ചുവിട്ടു; | (ബി) | ബഹളം കാരണം മേയർ യോഗങ്ങൾ പിരിച്ചുവിട്ടിട്ടില്ല. |
| (സി) | പ്രസ്തുത യോഗങ്ങളിൽ മുൻഗണനാ വിഷയങ്ങളായി പരിഗണിച്ച എത്ര അജണ്ടകൾ പാസ്സാക്കി; | (സി) | 1495 - അജണ്ടകളിൽ തീരുമാനമെടുത്തു. |
| (ഡി) | പാസ്സാകാത്ത അജണ്ടകൾ എത്ര; അവ ഏതെല്ലാം; പാസ്സാക്കാൻ മാറ്റിവച്ച അജണ്ടകൾ എത്ര; അവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പാസ്സാകാത്ത അജണ്ടകൾ – 5, (പട്ടിക അനുബന്ധമായി ചേർക്കുന്നു). മാറ്റി വച്ച അജണ്ടകൾ - 76 ഈ അജണ്ടകൾ തുടർന്നുള്ള കൗൺസിൽ യോഗങ്ങളിൽ പാസ്സാക്കിയിട്ടുള്ളതാണ്. |

(signature)
**സെക്ഷൻ ഓഫീസർ**

അനുബന്ധം

# പാസ്സാക്കാത്ത അജണ്ടകൾ

**1. 03.09.2018 തിയ്യതിയിലെ 05-ാം നമ്പർ തീരുമാനം**

**പി എച്ച്2/എൻ യു എൽ എം /23879/15**

തെരുവ് കച്ചവട നിയമം 2014 ന്റെ ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ്
കച്ചവടക്കാർക്കായി നഗരസഭ ബൈലോ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ കരട് ചർച്ച
ചെയ്ത് നടപടികൾക്കായി കൗൺസിലിലേക്കു ശുപാർശ ചെയ്തു കൊണ്ടുള്ള 30.06.2018 ലെ ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25(1) തീരുമാനം ബഹു കൗൺസിലിന്റെ പരിഗണനയ്ക്കായി.

**തെരുവുകച്ചവട ബൈലോ**

1. ബൈലോ അറിയപ്പെടുന്നത് : സ്ട്രീറ്റ് വെൻഡേഴ്സ് (സ്ട്രീറ്റ് വെൻഡിംഗ്(പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലി
ഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ബൈലോ നിലവിൽ വരുന്നത് പ്രസിദ്ധീകരിക്കുന്ന
തിയ്യതി മുതലാണ്.

a) ആക്ട് -Street Vendors (Protection of Lively hood and Regulation of Street Vending)ആക്ട് 2014 (Central Act 7 of 2014

b) പ്ലാൻ - സെക്ഷൻ -21 പ്രകാരം തയ്യാറാക്കിയത്

c) റൂൾ- Kerala Street Vendors (Protection of Lively hood and Regulation of Street Vending ) Rules 2018

d) സ്കീം-Section 38 of the Act

e) ടൗൺ വെൻഡിംഗ് കമ്മിറ്റി - Committee Constituted Under the Rules

നിയമങ്ങൾ, ചട്ടങ്ങൾ അല്ലെങ്കിൽ സ്കീമിൽ നിർവചിച്ച വാക്കുകൾ, ഈ ബൈലോ നിയമങ്ങളിൽ
ഉപയോഗിച്ചിരിക്കുന്ന വാക്കുകൾക്ക് യഥാക്രമം നിയമം, ചട്ടങ്ങൾ അല്ലെങ്കിൽ പദ്ധതിയിൽ യഥാക്രമം
നൽകിയിരിക്കുന്ന അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കും.

II. ടൗൺ വെന്റിംഗ് കമ്മിറ്റി വെന്റിംഗ് സോൺ പ്രഖ്യാപിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിച്ച്
ആകണം.

A) വെന്റിംഗ് സോൺ തീരുമാനിക്കുന്നതിന് നടപ്പാതയിലെ ജനസാന്ദ്രത, ടിറോഡിന്റെ വീതി.
വാഹനങ്ങളുടേയും കാൽ നടയാത്രക്കാരുടേയും സാന്ദ്രത എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കണം.

B) ഒരു മേഖല വെന്റിംഗ് സോൺ ആയി പ്രഖ്യാപിച്ചാൽ ടി മേഖലയിൽ Mobile Ventors (സഞ്ചരിക്കുന്ന തെരുവു
കച്ചവടക്കാർ) കച്ചവടം ചെയ്യുന്നില്ല എന്നത് നഗരസഭയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു
വരുത്തേണ്ടതാണ്.

C) Restricted Vending Zone -Town Vending കമ്മിറ്റി പ്രഖ്യാപിക്കുമ്പോൾ താഴെ പറയുന്ന റോഡിനെ സംബന്ധിച്ച
നിയമങ്ങൾ പരിഗണിക്കണം.

(1) 6 മീറ്റർ വരെ വീതിയുള്ള 2 സൈഡിലേക്കും വാഹനങ്ങൾ പോകുന്ന (Two Way Road) റോഡിന്റെ Stationary
Vending (ചലിക്കാത്ത കച്ചവടക്കാർ ) അനുവദിക്കരുത്. ടി റോഡ് വൺവേ റോഡ് ആയി പ്രഖ്യാപിക്കുന്ന
സമയത്ത് മാത്രമേ Stationary Vending (ചലിക്കാത്ത കച്ചവടക്കാർ) അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

(2) 6 മുതൽ 8 മീറ്റർ വരെ വീതിയുള്ള റോഡിൽ തെരുവുകച്ചവടം അനുവദിക്കരുത്. ടി റോഡ് വൺവേ
റോഡായി പ്രഖ്യാപിക്കുന്ന മുറയ്ക്ക് ടി റോഡുകളിൽ തെരുവു കച്ചവടം അനുവദിക്കാവുന്നതാണ്.

(3) 9 മീറ്റർ മുതൽ 14 മീറ്റർ വരെ വീതിയുള്ള റോഡിൽ ഒരു സൈഡിൽ തെരുവുകച്ചവടം
അനുവദിക്കാവുന്നതാണ്.

(4) 15 മീറ്ററിനുമുകളിൽ വീതിയുള്ള റോഡിൽ രണ്ടു വശത്തു തെരുവുകച്ചവടം അനുവദിക്കാവുന്നതാണ്.
എന്നാൽ അനുവദിക്കുമ്പോൾ പരമാവധി തെരുവു കച്ചവടക്കാരുടെ എണ്ണം നിജപ്പെടുത്തണം. കൂടാതെ
ട്രാഫിക് പോലീസിന്റെ ക്ലിയറൻസ് ലഭ്യമാക്കണം. ആവശ്യമാണെങ്കിൽ റോഡ് സൈഡ് പാർക്കിംഗ്
നിരോധിക്കാവുന്നതാണ്. Mobile Street Vendors(ചലിക്കുന്നതെരുവുകച്ചവടക്കാർ )അനുവദിക്കുമ്പോൾ റോഡിലെ
ട്രാഫിക് , കാൽ നടയാത്രക്കാരുടെ എണ്ണം എന്നിവ പരിഗണിക്കണം. റോഡ് ഡിസൈൻ Annexure ആയി
ചേർക്കുന്നു.

III. Non Vending Zone നിരോധിത മേഖല

1. സംസ്ഥാന സെക്രട്ടറിയേറ്റ് , നിയമസഭ, ഹൈക്കോടതി, ജില്ലാ കളക്ടറേറ്റ് , ജില്ലാ പഞ്ചായത്ത് ഓഫീസ്,
നഗരസഭ/ കോർപ്പറേഷൻ ഓഫീസുകൾ , കന്റോൺമെന്റ് ബോർഡ്, ഫയർബ്രിഗേഡ് സ്റ്റേഷൻ, ആശുപത്രികൾ

തുടങ്ങിയ പ്രധാന സർക്കാർ കെട്ടിടങ്ങളുടെ പ്രവേശനത്തിനും പുറത്തേക്കും പോകുന്ന കവാടങ്ങളിൽ നിന്ന് 100 മീറ്റർ വരെ

2. റെയിൽവേ സ്റ്റേഷന്റെ Entry Exit കവാടത്തിന്റെ 400 മീറ്റർ പരിധി
3. നഗരസഭ പരിധിയിലെ റെയിൽ വേ ക്രോസ്സിന്റെ 200 മീറ്റർ പരിധി
4. ബസ് സ്റ്റാന്റിന്റെ ആഗമന/ബഹിർഗമന കവാടങ്ങളിൽ നിന്നും 200 മീറ്റർ പരിധി
5. ദേശീയ /സംസ്ഥാന ചരിത്ര സ്മാരക സംരക്ഷണ നിയമപ്രകാരമുള്ള സ്ഥാപനങ്ങൾ

IV. നിയന്ത്രണമുള്ള സ്ഥലങ്ങൾ (Prohibited Area)

1. രണ്ടോ അതിലധികമോ റോഡുകൾ സന്ധിക്കുന്ന റോഡിന്റെ 100 മീറ്റർ പരിധി
2. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവേശന /ബഹിർഗമന വഴികളുടെ 100 മീറ്റർ പരിധി
3. സംസ്ഥാന സർക്കാർ സുരക്ഷയുടെ ഭാഗമായി നിരോധിച്ചിട്ടുള്ള സ്ഥലങ്ങളുടെ 200 മീറ്റർ പരിധി
4. നഗരസഭ/കോർപ്പറേഷൻ ടൗൺ വെൻഡിംഗ് കമ്മിററി ശുപാർശ പ്രകാരം തെരുവുകച്ചവടം നിരോധിച്ചിട്ടുള്ള പ്രദേശങ്ങൾ

V. RESTRICTION on Street Vendors

ഐഡി കാർഡ്/ സർട്ടിഫിക്കറ്റ് ലഭിച്ച വെന്റിംഗ് സോണിലെ കച്ചവടക്കാർ ചെയ്യാൻ പാടില്ലാത്തവ

1. സൈക്കിൾ, മറ്റു വാഹനങ്ങൾ, കാൽനടയാത്രക്കാർ എന്നവർക്ക് തടസ്സമോ, സുരക്ഷാഭീഷണിയോ , ശല്യമോ ഉണ്ടാക്കരുത്.
2. വീടുകൾ, കടകളുടെ മുൻവശം, പ്രവേശന കവാടങ്ങൾ, സുരക്ഷാവാതിലുകൾ അഗ്നിശമനത്തിന്റെ ഉപകരണങ്ങളുടെ മുൻവശം പാടില്ല.
3. Water Supply, Sewerage, Telephone, Electricity, മുതലായ സേവനങ്ങൾക്ക് തടസ്സമോ, ശല്യമോ, സുരക്ഷാഭീഷണിയോ ആവരുത്.
4. Sign Boards , Display Units, നഗര ശുചീകരണ ജോലിക്കാർ, മുതലായവയ്ക്ക് തടസ്സമോ, ശല്യമോ, സുരക്ഷാഭീഷണിയോ ഉണ്ടാക്കരുത്.
5. നിയമം മൂലം നിരോധിച്ചിട്ടുള്ള സാധനങ്ങൾ കച്ചവടം ചെയ്യാൻ പാടില്ല.
6. അവശിഷ്ടങ്ങൾ നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മാത്രം നിക്ഷേപിക്കുക.
7. ID കാർഡ് / സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ സമയത്തിനുശേഷം കച്ചവടം ചെയ്യുവാൻ അനുവദിക്കില്ല.
8. സ്പീക്കർ ഫോൺ , Sound System, Mega Phone, Loud Speakers മുതലായ ഉച്ചഭാഷിണികൾ അനുവദിക്കില്ല.

VI. തെരുവു കച്ചവടക്കാരുടെ ഉത്തരവാദിത്വങ്ങൾ

താഴെപ്പറയുന്നവയാണ് തെരുവുകച്ചവടം ചെയ്യുന്ന വ്യക്തി/ കുടുബത്തിലെ അംഗം/ തൊഴിലാളി എന്നിവരുടെ ഉത്തരവാദിത്വങ്ങൾ

1. തെരുവുകച്ചവട സർട്ടിഫിക്കറ്റിലെ നിബന്ധനകൾ പാലിച്ചു കൊണ്ട് കച്ചവടം ചെയ്യേണ്ടതാണ്.
2. കച്ചവട സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് മാത്രമേ കച്ചവടം ചെയ്യാൻ സാധിക്കുകയുള്ളൂ.
3. കച്ചവടസമയങ്ങളിൽ ID കാർഡ്/ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്.
4. കച്ചവട സ്ഥലം സുരക്ഷിതമായും ശുചിത്വമുള്ളതായും സൂക്ഷിക്കണം.
5. നഗരസഭ/കോർപ്പറേഷൻ ശുചിത്വ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം.
6. Food Safety Standards Act 2006 / മറ്റു നിയമങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാനുള്ള ഉത്തരവാദിത്വം.
7. നഗരസഭ/കോർപ്പറേഷൻ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയങ്ങളിൽ ID Card/ Vending Certificate എന്നിവ ബോധ്യപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം.കൂടാതെ By Lawപ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിക്കാനുള്ള ഉത്തരവാദിത്വം.

VII.മെയിന്റനൻസ് ചാർജുകൾ

നഗരസഭയുടെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് തെരുവ് കച്ചവടക്കാരിൽ നിന്നും പ്രതിമാസ അടിസ്ഥാനത്തിൽ മെയിന്റനൻസ് തുക ഈടാക്കാവുന്നതാണ്.

1.500 പ മുതൽ 2000 രൂപ വരെ പ്രതിമാസ വാടക ഇനത്തിൽ ഈടാക്കാവുന്നതാണ്.

2.വാർഷികമായി 10% തുക വാടകയിനത്തിൽ വർദ്ധിപ്പിക്കാവുന്നതാണ്.

VIII. പിഴ

1. Vending Certificate ഇല്ലാതെ കച്ചവടം ചെയ്താൽ /By Law നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചാൽ മെയിന്റനൻസ് തുകയുടെ 3 ഇരട്ടി വരെ പിഴയായി ഈടാക്കാവുന്നതാണ്.

2. തെരുവുകച്ചവടക്കാരൻ Vending Certificate ലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ വെൻഡിംഗ് സർട്ടിഫിക്കറ്റ് സസ്പെന്റ് ചെയ്യാനും തുടർന്നും വീഴ്ച വരുത്തിയാൽ Vending Certificate Cancel ചെയ്യുന്നതാണ്.

IX. Regulation For Collection Of Tax

അനുവാദമില്ലാതെ നഗരസഭ വക സ്ഥലം/സൗകര്യം ഉപയോഗിച്ചാൽ ഫീയുടെ 3 ഇരട്ടി മുതൽ പരമാവധി 5000/- രൂപ ഈടാക്കാവുന്നതാണ്.

X. Regulation of Traffic in Vending Zones

1. Town Vending Committee വെൻഡിംഗ് സോൺ പ്രഖ്യാപിച്ച റോഡിലെ Speed Limit, Parking , One Way/Two Way മുതലായവ സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് Traffic Police ആണ്. ടി വെൻഡിംഗ് സോൺ സംബന്ധിച്ച

ആക്ഷേപങ്ങൾ Traffic Police ന് ഉണ്ടെങ്കിൽ മേൽ തീരുമാനം പുന പരിശോധിക്കുകയോ / വെൻഡിംഗ് സോൺ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റുകയോ ചെയ്യേണ്ടതാണ്.

2. നഗരസഭ/കോർപ്പറേഷൻ Vending Zone പരിധി വ്യക്തമായി പ്രസിദ്ധീകരിക്കണം.

XI. Regulation Of Quality Of Products

Food And Safety Standard s Act 2006 ലെ നിയമങ്ങളും നിബന്ധനകളും പാലിക്കാത്ത സാധനങ്ങൾ കച്ചവടംനടത്തുന്നവർക്കെതിരെ ഉത്തരവാദപ്പെട്ടവരോ/കോടതിയോ നടപടി സ്വീകരിച്ചാൽ ടി വ്യക്തിയുടെ Vending Certificate അടിയന്തിരമായി ടൗൺ വെന്റിംഗ് കമ്മിറ്റി ക്യാൻസൽ ചെയ്യേണ്ടതാണ്.

XII. Regulation Of CIVIC SERVICES in the Vending Zones

കുടിവെള്ളം, പ്രാഥമിക സൗകര്യങ്ങൾക്കുള്ള കക്കൂസ് മുതലായ സൗകര്യങ്ങൾ നഗരസഭ/കോർപ്പറേഷൻ ഒരുക്കേണ്ടതാണ്.

(ആയതിന്റെ ഒറിജിനൽ By Law അനുബന്ധമായി ചേർക്കുന്നു.)

**തീരുമാനം**

വിഷയം വിശദമായി ചർച്ച ചെയ്തു.പിന്നീട് പരിഗണിയ്ക്കുന്നതിനായി മാറ്റി വെയ്ക്കുന്നതിന് തീരുമാനിച്ചു.

**2. 8.10.2018 തിയ്യതിയിലെ 22-ാം നമ്പർ തീരുമാനം**

**പി ഡബ്ല്യു3/9725/18**

തൃശൂർ കോർപ്പറേഷനിലെ 35-ാം ഡിവിഷനിലുള്ള ന്യൂപട്ടാളംമാർക്കറ്റിൽ -റോഡുകൾ റീടാറിംഗ് നടത്തിയിട്ടില്ലെന്നും സ്ട്രീറ്റ് ലൈറ്റുകൾ ഭൂരിഭാഗവും കത്തുന്നില്ലെന്നും കുടിവെള്ളത്തിനുള്ള പൈപ്പ് കണക്ഷൻ ലഭ്യമല്ലെന്നും കാനകളിൽ സ്ലാബുകൾ ഇട്ടിട്ടില്ലെന്നുമുള്ള പരാതികളടങ്ങിയ ടി മാർക്കറ്റിലെ വ്യാപാരികളുടേയും ജീവനക്കാരുടേയും പരാതി ലഭിച്ചിട്ടുള്ളതാണ്. 28.06.2018ലെ 17-ാം നമ്പർ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം ടി പ്രവൃത്തികൾ ജനറൽ ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയത് ബഹു കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്** : 11.05.2018 ലെ 38-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് ടി വിഷയം മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് ചർച്ച ചെയ്ത നടപടി സ്വീകരിക്കുന്നതിന് സമർപ്പിച്ചിരുന്നത്.

**തീരുമാനം**

വിഷയം വിശദമായി ചർച്ച ചെയ്തു. വിഷയം പിന്നീട് പരിഗണിയ്ക്കുന്നതിനായി മാറ്റിവെക്കുന്നിന് തീരുമാനിച്ചു.

**3. 13.08.2018 തിയ്യതിയിലെ 33-ാം നമ്പർ തീരുമാനം**

**പി ഡബ്ല്യു1/20703/17**

തൃശൂർ കോർപ്പറേഷൻ ഡിവിഷൻ 18 ലെ ഇലഞ്ഞിക്കുളത്ത് സ്ഥാപിക്കുന്ന മോഡൽ അങ്കണവാടി കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മുമ്പ് അങ്കണവാടി പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം അറ്റകുറ്റപണികൾ നടത്തി മറ്റ് ഉപയോഗങ്ങൾക്ക് സജ്ജമായിട്ടുള്ളതുമാണ്. പഴയ കെട്ടിടത്തിന്റെ താഴത്തെ നില സേവാഗ്രാമത്തിനും മുകളിലത്തെ നില ഇലഞ്ഞിക്കുളം ജനകീയ ലൈബ്രറിക്കും മതിയായ വാടക നിശ്ചയിച്ചു കൊണ്ട് അനുവദിച്ച് നൽകുന്നതിന് ഡിവിഷൻ കൗൺസിലർ ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ടി വിഷയം ബഹു കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 05.06.2018 ലെ 22-ാം നമ്പർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം ടി വിഷയം കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

**തീരുമാനം**

വിഷയം വിശദമായി ചർച്ച ചെയ്തു. വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റി വെയ്ക്കുന്നതിന് തീരുമാനിച്ചു.

**4. 09.11.2018 തിയ്യതിയിലെ 5-ാം നമ്പർ തീരുമാനം**

**.പി എച്ച്1/44435/18**

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ പോസ്റ്റ് ഓഫീസ് റോഡിൽ XI/70-ാം നമ്പർ കെട്ടിട മുറിയിൽ ശ്രീമതി വി.ആർ ബേബി, ബ്രാരത്ത് ഹൗസ്, കൂർക്കഞ്ചേരി, എന്നവർ ലൈസൻസിയായ പ്രീതം ലോഡ്ജ് എന്ന സ്ഥാപനം വളരെ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതായി തൃശൂർ കോർപ്പറേഷൻ ആരോഗ്യ വിഭാഗം ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 29.11.2017 ൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. തുടർന്ന് ന്യൂനതകൾ പരിഹരിക്കുന്നതിന് 05.12.2017ൽ പി എച്ച്1/52395/17-ാം നമ്പർ പ്രകാരം കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായിരുന്നു. നോട്ടീസിന് നൽകിയ മറുപടിയിൽ കക്ഷി 30 ദിവസത്തെ സമയപരിധി ആവശ്യപ്പെടുകയും ടി സമയപരിധിക്ക് ശേഷവും ന്യൂനതകൾ പരിഹരിക്കാത്തതിനെ തുടർന്ന് ടി സ്ഥാപനം അടച്ചുപൂട്ടുന്നതിന് 10.05.2018 ന് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതായിരുന്നു. എന്നാൽ കക്ഷി OSMMR 2089/18 ആയി ബഹു മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ടി സ്ഥാപനം അടച്ച് പൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. ബഹു മുൻസിഫ് കോടതിയുടെ IA/9342/18 in OS 2089/18 നമ്പർ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 17.09.2018 ന് പ്രീതം ലോഡ്ജ് എന്ന സ്ഥാപനം ഹെൽത്ത് സൂപ്പർ

വൈസറുടെ നേതൃത്വത്തിൽ അടച്ചുപൂട്ടി സീൽ ചെയ്തു. നഗരസഭയുടെ മേൽ നടപടിക്കെതിരെ ശ്രീമതി. വി.ആർ ബേബി നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ ബഹു കൗൺസിലിന്റെ പരിഗണനയ്ക്ക്.

**തീരുമാനം**

വിഷയം വിശദമായി ചർച്ച ചെയ്തു. വിഷയം പിന്നീട് പരിഗണിക്കുന്നതിന് തീരുമാനിച്ചു.

**5. 23.02.2019 തിയ്യതിയിലെ 7-ാം നമ്പർ തീരുമാനം**

PH5/45115/18:-

ശക്തൻ തമ്പുരാൻ നഗർ പെട്രോൾ പമ്പിനു എതിർവശത്ത് ഉള്ള ഗ്രൗണ്ടിൽ തൃശ്ശൂർ ജില്ലാ പ്രിന്റിംഗ് & സ്റ്റേഷനറി സഹകരണ സംഘത്തിന് താൽക്കാലിക ഷെഡ് പണിയുന്നതിന് കൗൺസിൽ തീരുമാനം ഉള്ളതാണ്. എന്നാൽ പ്രസ്തുത സ്ഥലത്ത് അനധികൃതമായി പ്രവർത്തിച്ചു വരുന്ന തട്ടുകടകൾ നീക്കം ചെയ്യുന്നതിന് ഹെൽത്ത്,റവന്യൂ,എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ ഒരു സ്ക്വാഡ് രൂപീകരിക്കുന്ന വിഷയം ബഹു. കൗൺസിലിന്റെ പരിഗണനയ്ക്ക്.

കുറിപ്പ്:- 1. 7.11.2018 ലെ ശക്തൻ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട്.

ഷെഡ് പണിയുന്നതിനായി 300 ചതുരശ്ര അടി സ്ഥലം അനുവദിച്ച് 9.2.2018 ന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സ്ഥലത്ത് 4 ഉന്തുവണ്ടികൾ നിർത്തിയിട്ട് അതിൽ തട്ടുകട പ്രവർത്തിച്ചു വരുന്നുണ്ട്. അതിനോട് ചേർന്ന് മൂന്ന് ചെറിയ പെട്ടികടകളിൽ കൂൾ ഡ്രിംഗ്സ്, ഇളനീർ കച്ചവടം നടത്തി വരുന്നു. ആയത് മാറ്റുന്നതിന് വേണ്ടി പല തവണ നിർദ്ദേശം നൽകിയിട്ടും കക്ഷികൾ തയ്യാറായിട്ടില്ലാത്തതാണ്.

2.നിയമാനുസരണ നടപടി ടി വിഷയത്തിൽ സ്വീകരിക്കേണ്ടതാണ്.

**തീരുമാനം**

വിഷയം വിശദമായി ചർച്ച ചെയ്തു. വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവെക്കുന്നതിന് തീരുമാനിച്ചു.

1/24/1

Rudrashtam

സെക്ഷൻ ഓഫീസർ